*Week - 3*

# *Weekly Devotion - May 2017*
# *One thing you choose*

**(ഒന്ന് നിങ്ങൾ തിരഞ്ഞെടുക്കുക) - യോശുവ:(24:15)**




*ഒരിക്കൽ ഒരു ചെറിയ ബാലൻ വൈകുന്നേരം കൽക്കരിഖനിയുടെ വാതിൽക്കൽ നിൽക്കുമ്പോൾ അതുവഴിയായി കടന്നുപോയ ഒരു വയോധികൻ അവനോട് കാരണം തിരക്കി, ജോലി കഴിഞ്ഞു വരുന്ന പിതാവിനെ കാത്തു നിൽക്കുകയാണെന്ന് ആ ബാലൻ മറുപടി പറഞ്ഞു. "700' പേരിൽ കൂടുതൽ ജോലികഴിഞ്ഞ് പുറത്തു വരുമ്പോൾ നീ എങ്ങനെ നിന്റെ പിതാവിനെ തിരിച്ചറിയും. അവരുടെ മുഖവും ശരീരവും കരികൊണ്ട് നിറഞ്ഞതായിരിക്കും എന്നാണയാൾ പറഞ്ഞത്. എന്റെ പിതാവിനെ ഞാനറിയുകയില്ലായിരിക്കും എന്നാൽ അദ്ദേഹം എന്നെ നല്ലവണ്ണം അറിയും അതിനാലാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഭയലേശമെന്യെ കുട്ടി പറഞ്ഞു.*

*ഏതു സാഹചര്യത്തിലും ഏതവസ്ഥയിലും നമ്മെ അറിയുന്ന ഒരു ദൈവമുണ്ട്. ഒരിക്കൽ അപ്പനെ വേദനിപ്പിച്ച് പോയി ജീവിതത്തെ പന്നികൂട്ടിലെത്തിച്ച ഒരു മകനെ നോക്കുക (ലൂക്കോ15:11-32). സുബോധം വന്നവൻ നാറ്റം വച്ച അവസ്ഥയിലാണ്. പന്നിയുടെ നാറ്റം, കീറിയ വസ്ത്രം ധരിച്ച ഒരു പട്ടിണിക്കോലം,*

എന്നിട്ടും അപ്പൻ തന്റെ മകനെ അറിഞ്ഞു . മനസ്സലിഞ്ഞപിതാവ് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു. സുബോധം വന്നവർക്ക് മാത്രമേ നല്ല തിരഞ്ഞെടുപ്പ് സ്വീകരിപ്പാൻ കഴിയുകയുള്ളു. ഞാൻ എന്റെ അപ്പന്റെ അടുക്കൽ ചെല്ലും എന്ന ഒരു തീരുമാനം നമുക്കോരോരുത്തർക്കും എടുക്കുവാൻ കഴിഞ്ഞാൽ നിശ്ചയമായും നമ്മുടെ പഴയ സ്ഥിതിക്ക് വ്യത്യാസം വരും. ഇന്ന് പല യുവജനങ്ങളും തങ്ങളുടെ ജോലി സന്തോഷത്തോടെ അല്ല ചെയ്യുന്നത്. മേലുദ്യോഗസ്ഥർ തരുന്ന Target പൂർത്തീകരിക്കുവാൻ കഴിയാതെ ഭാരപ്പെടുന്നു. Tension നിങ്ങളെ തകർക്കുന്നു, രോഗം പിടിപെടുന്നു. എങ്ങനെ ഇത് പരിഹരിക്കാം എന്ന് വചനം വ്യക്തമാക്കുന്നു, ക്രിസ്തുവിനെ നിങ്ങളുടെ ജോലിയുടെ, ഭവനത്തിന്റെ ജീവിതത്തിന്റെ കൂട്ടാളിയാക്കുക.

ഈ ആഗ്രഹം ഉള്ളിലുണ്ട്, വിശ്വസ്തൻ എന്ന് തോന്നിയാൽ ദൈവം നമ്മെയും തിരഞ്ഞെടുക്കും. ദൈവീകതിരഞ്ഞെടുപ്പ് ലഭിച്ചവൻ ദൈവത്തെ അനുസരിച്ചാൽ അബ്രഹാമിനെപ്പോലെ സകലരാലും ബഹുമാനിക്കപ്പെടും. തെരഞ്ഞെടുപ്പ് ലഭിച്ചവന് ലഭിക്കുന്ന നിർദ്ദേശം പലപ്പോഴും അനുസരിക്കുവാനും ബുദ്ധിമുട്ടുള്ളതാകാം. A call of Challenge എന്നാൽ അനുസരിക്കുന്നവർക്കേ അനുഗ്രഹം ലഭിക്കുകയുള്ളു.

മോശയ്ക്ക് ലഭിച്ച ദൗത്യം വളരെ പ്രയാസമേറിയതായിരുന്നു. എന്നാൽ തിരഞ്ഞെടുത്തവനെക്കൊണ്ടു തന്നെ ഈ ദൗത്യം പൂർത്തിയാക്കുവാൻ യഹോവ മതിയായവനാണ്. മോശയുടെ ശുശ്രൂഷകനായി കൂടാരത്തെ വിട്ടുപിരിയാതെ നിന്ന യോശുവായെ തിരഞ്ഞെടുത്ത ദൈവം, തുടർന്ന്, ജനത്തെ കനാനിലേക്ക് നടത്തുന്ന ദൗത്യം ഏൽപ്പിച്ചു. മോശയുടെ വടിയും, ദൈവമയച്ച കിഴക്കൻ കാറ്റും ചെങ്കടലിൽ വഴി ഒരുക്കിയെങ്കിൽ, യെരിഹോ തകർക്കുവാനും യോർദ്ധാൻ കടത്തുവാനും, തന്റെ ജനത്തെ മുൻപോട്ട് കൊണ്ടുപോകുവാനുമുള്ള കഴിവ് യോശുവയ്ക്ക് യഹോവ നൽകി, ഇവിടെയാണ് ഒരു തീരുമാനം എടുക്കുവാൻ യോശുവ ജനത്തോട് പറയുന്നത്. നിങ്ങൾ ആരെ ആരാധിയ്ക്കും ? മരുഭൂയാത്രയിൽ കൂടെയിരുന്ന ദൈവത്തെയോ, അതോ പിതാക്കന്മാരുടെ വിഗ്രഹ ദൈവങ്ങളെയോ? അവരവർ തന്നെ തീരുമാനം എടുക്കുവാൻ അനുവദിക്കുമ്പോഴും തന്റെ തീരുമാനം അറിയിപ്പാൻ യോശുവ മറന്നില്ല **“ഞാനും എന്റെ കുടുംബവും യഹോവയെ സേവിയ്ക്കും.”**




*കുഞ്ഞുങ്ങളേ ! ഈ നല്ല തീരുമാനം എടുപ്പാൻ നിങ്ങൾ തയാറാണോ? ദൈവീകതിരഞ്ഞെടുപ്പ് ലഭിപ്പാൻ വിശ്വസ്തരും, അനുസരണമുള്ളവരുമാകുക. തുടർന്ന് കുടുംബമായി വചനത്തിന്റെ വ്യവസ്ഥ അനുസരിച്ച് രക്ഷയിലായി ഞങ്ങൾ കുടുംബമായി യഹോവയെ ആരാധിക്കും എന്ന് തീരുമാനിയ്ക്കുക, നിങ്ങൾമാത്രമല്ല നിങ്ങളുടെ തലമുറകളും അനുഗ്രഹിക്കപ്പെടും അതിനായി ദൈവകരങ്ങളിൽ ഏൽപിക്കുക* ***“യഹോവയെ ആരാധിയ്ക്കും”*** *എന്ന തിരഞ്ഞെടുപ്പ് ഏറ്റെടുത്തവരെ ദൈവം സഹായിക്കട്ടെ.*

***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind